**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 78** **23-01-2025 - ൽ മറുപടിയ്ക്ക്**

**നവീൻ ബാബുവിന്റെ മരണത്തിൽ സി.ബി.ഐ. അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കണ്ണൂർ എഡിഎം ആയിരുന്ന നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട കേസ് അന്വേഷണത്തിൽ തെളിവുകൾ നഷ്ടപ്പെടാതെ സംരക്ഷിക്കുന്നതിൽ പോലീസിന് വീഴ്ച സംഭവിച്ചതായുള്ള കുടുംബത്തിന്റെ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | മുഴുവൻ തെളിവുകളും ശേഖരിക്കുന്നതിനും ആയവ സംരക്ഷിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (ബി) | ഉത്തരം (A) യിൽ ചേർത്തിരിക്കുന്നു. |
| (സി) | സംഭവവുമായി ബന്ധപ്പെട്ട മുഴുവൻ സി.സി.ടി.വി. ദൃശ്യങ്ങളും ശേഖരിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; നവീൻ ബാബുവിന്റെ ഫോൺ രേഖകൾ ഉൾപ്പെടെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ഉത്തരം (A) യിൽ ചേർത്തിരിക്കുന്നു. |
| (ഡി) | പ്രസ്തുത കേസിന്റെ അന്വേഷണം സി.ബി.ഐ.-ക്ക് കൈമാറണമെന്ന കുടുംബത്തിന്റെ ആവശ്യം സർക്കാർ അംഗീകരിക്കാതിരിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ ; | (ഡി) | കണ്ണൂർ മുൻ എ.ഡി.എം നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1149/2024 U/s 194 BNSS ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും അന്വേഷണ മധ്യേ കേസിലെ കുറ്റവകുപ്പുകളിൽ Sec. 194 BNSS കുറവ് ചെയ്ത് Sec. 108 BNS കൂട്ടിച്ചേർത്ത് അന്വേഷണം നടത്തിയിട്ടുള്ളതും കേസിലെ പ്രതിയെ അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. പ്രസ്തുത കേസിന്റെ തുടരന്വേഷണവുമായി ബന്ധപ്പെട്ട് ഉത്തരമേഖലാ പോലീസ് ഇൻസ്പെക്ടർ ജനറൽ നമ്പർ C1-16341/2024/NZ Dated 25-10-2024 പ്രകാരം ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിച്ചിട്ടുള്ളതാണ്. സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം കാര്യക്ഷമമായി അന്വേഷണം നടത്തി വരുന്നു. കേസിന്റെ അന്വേഷണം CBI ക്ക് കൈമാറണമെന്നുള്ള ആവശ്യം ഉന്നയിച്ചുകൊണ്ട് മരണപ്പെട്ട നവീൻ ബാബുവിന്റെ ഭാര്യ മഞ്ജുഷ കെ സമർപ്പിച്ച ഹർജിയിന്മേൽ ടി ആവശ്യം |

| | | | |
|---|---|---|---|
| | | | നിരസിച്ചുകൊണ്ട് ബഹു.ഹൈക്കോടതി 06.01.2025-ലെ WP(Crl) No. 1297/2024 പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ഇ) | നവീൻ ബാബുവിന്റെ കുടുംബത്തിന്റെ ആവശ്യപ്രകാരം സി.ബി.ഐ. അന്വേഷണം നടത്തുന്നതിന് അനുകൂലമായ നിലപാട് സ്വീകരിക്കുവാൻ സർക്കാർ തയ്യാറാകുമോ; വ്യക്തമാക്കുമോ? | (ഇ) | ഉത്തരം (D) യിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ